**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **28-06-2022 - ൽ മറുപടിയ്ക്ക്**

**വായ്പകൾക്ക് പലിശ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് സാഹചര്യത്തിൽ, സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകൾക്ക് പലിശ കൃത്യമായി തിരിച്ചടക്കാൻ കഴിയാത്ത ആളുകൾക്ക് പ്രത്യേക പലിശ ഇളവുകളോ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വ്യവസ്ഥയ്ക്ക് വിധേയമായി 50% വരെ പലിശയും, അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിലും ഇളവ് അനുവദിക്കാറുണ്ട്. 2021 ആഗസ്റ്റ് 16 –ന് ആരംഭിച്ച പദ്ധതി കോവിഡ് പശ്ചാത്തലം കണക്കിലെടുത്ത് 2022 ജൂൺ 30 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>കോവിഡ് മൂലം ദുരിതമനുഭവിക്കുന്ന വായ്പക്കാർക്ക് സംസ്ഥാന സഹകരണ ബാങ്കിലും, മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും 30.06.2022 വരെ നടപ്പിലാക്കുന്നതിനായി അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഉപനിബന്ധനയിൽ നിരവധിയായ ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോവിഡ് മൂലം ദുരിതമനുഭവിക്കുന്ന വായ്പകാർക്ക് സംസ്ഥാന സഹകരണ ബാങ്കിൽ RBI Resolution<br>Frame Work 2.0 അനുസരിച്ച് സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പക്കാർക്ക് മൊറട്ടോറിയം, റീസ്ട്രക്ചറിംഗ് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ<br>നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം പ്രകാരവും കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ